VII. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമിതിയുടെ 29–ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ബേബിജോൺ: സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. വളരെ അപൂർവ്വമായിട്ട് മാത്രമേ കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച് എതിർപ്പ് പ്രകടിപ്പിക്കാറുള്ളൂ. ഈ
10 A.M.] ഗവൺമെന്റ് നിയമസഭ കൂടുന്നതിനെ സംബന്ധിച്ച് അതിന്റെ ഗൗരവത്തോടുകൂടി എടുക്കുന്നില്ല; നിയമനിർമ്മാണനടപടികളേയും അതിന്റെ ഗൗരവത്തിൽ എടുക്കുന്നില്ല എന്ന ആക്ഷേപമാണ് എനിക്കുള്ളത്. ഇപ്പോഴും മൂന്നുദിവസത്തേയ്ക്കാണ് കൂടുന്നത്, ഇടയ്ക്ക് ഇങ്ങനെ ഒരു ദിവസം പോയല്ലോ. ഇന്ന് സപ്ലിമെന്ററി ഡിമാൻഡ് അല്ലേ. പിന്നെയുള്ളത് രണ്ട് ദിവസം. രണ്ടു ദിവസം ഉച്ചയ്ക്ക് ശേഷം കൂടണമെന്ന് പറഞ്ഞു. നിയമനിർമ്മാണകാര്യത്തിൽ ഗൗരവതരമായ ചർച്ചയില്ല. രണ്ടുമൂന്നു ദിവസംകൂടി നീട്ടിയാൽ എന്താണ് കുഴപ്പം, അല്ലെങ്കിൽ നേരത്തെ തുടങ്ങിയിരുന്നുവെങ്കിൽ എന്തായിരുന്നു കുഴപ്പം. മൂന്നുദിവസമുണ്ട് അതിനകത്ത് ഇതെല്ലാം തീർക്കണം. ഇതുതന്നെയാണ് കഴിഞ്ഞ പ്രാവശ്യവും ഉണ്ടായത്. ഒരുദിവസം അഞ്ചാറ് ബില്ലെടുക്കും. ഭരമണിക്കൂർ, ഒരു മണിക്കൂർ ഇങ്ങനെ ചർച്ച ചെയ്യുന്ന ഏർപ്പാട് ഉണ്ട്. അതുതന്നെയാണ് ഇപ്പോഴും ചെയ്യുന്നത്. അതുകൊണ്ട് ഉച്ചകഴിഞ്ഞ് ഇരിക്കുക എന്നത് ശരിയല്ല, മറിച്ച് രണ്ടുമൂന്നുദിവസം അധികമായി ഇരിക്കാൻ തയ്യാറാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. അത് സ്വീകരിക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞങ്ങളും ഇന്നലെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പറഞ്ഞതാണ്; രണ്ടു ദിവസം കൂടിയിരിക്കാം എന്ന്. നിയമനിർമ്മാണങ്ങളെ സംബന്ധിച്ചുള്ള ചർച്ച വളരെ അവഗാഢമായുള്ളതാണ്, അതിന് സമയം വേണം. വൈകുന്നേരം ഇരുന്ന് ഇത് ഒരു പ്രഹസനമാക്കിക്കൂടാ. അങ്ങ്തന്നെ ഇന്നലെ പറഞ്ഞു, ഭരണഘടനാപരമായ പ്രശ്നങ്ങൾ കോടതിയിൽ പറയേണ്ടതാണ് എന്ന്. അഡ്വക്കേറ്റ് ജനറലിന്റെ സീറ്റ് ഈ സഭയിലുണ്ട്. ആ സീറ്റിൽ അദ്ദേഹത്തെ വിളിച്ചുവരുത്തേണ്ടതായിരുന്നു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ രണ്ടുമൂന്നു നിയമനിർമ്മാണങ്ങൾ നടത്തുകയാണ്. ഞങ്ങൾക്ക് അഡ്വക്കേറ്റ് ജനറലിനോട് ചിലത് ചോദിക്കാനുണ്ടായിരുന്നു. ഭരണഘടനാപരമായ പ്രശ്നങ്ങൾ അറിയാൻ ഞങ്ങൾക്ക് അവകാശമുണ്ട്. അദ്ദേഹത്തിന് ഒരു സീറ്റ് ഉള്ളിടത്തോളം കാലം അദ്ദേഹത്തെ ഈ സഭയിൽ വിളിച്ചുവരുത്തണം.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, സുപ്രീം കോടതിയുടെ വിധിയുടെ ബുദ്ധിമുട്ടില്ലാതാക്കാൻ വേണ്ടി അടിയന്തിരമായി വിളിച്ചുകൂട്ടിയിട്ടുള്ള ഈ സമ്മേളനം ജാനുവരി മാസത്തിലേക്ക് നീട്ടാൻ ഭയപ്പെടുന്നത് ഭരണഘടനയിലെ ഒരു ഖണ്ഡിക പ്രകാരം ആണ്. അതിൽ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഒരു വർഷത്തിൽ സമ്മേളനം വിളിച്ചുകൂട്ടുകയാണെങ്കിൽ ആ സമ്മേളനം ഗവർണ്ണറുടെ പ്രസംഗത്തോടുകൂടി തുടങ്ങണമെന്നാണ്. ഇത് പുതിയ വർഷത്തിൽ സമ്മേളനം വിളിച്ചു കൂട്ടുന്നതായി കണക്കാക്കാൻ സാധിക്കുകയില്ല. ഇത് ഡിസംബറിലെ സമ്മേളനത്തിന്റെ സപ്പിള്ളോവറാണ്. ഭരണഘടന ഇതിന് ബാധകമാകുകയില്ല, അതുകൊണ്ട് ഗവർണ്ണറുടെ അഡ്രസ് വേണമെന്ന് ഞങ്ങളാരും നിർബന്ധിക്കുകയില്ല. ആ നിലയിൽ ഇത് ഒന്നുകൂടി വായിച്ചു നോക്കാൻ വിദഗ്ദ്ധൻമാരോട് പറയണം. ഒന്നുരണ്ടുദിവസംകൂടി നീട്ടിയാൽ വൈകുന്നേരം ഇരുന്ന് പപ്പടം ചുട്ടെടുക്കുന്ന ഏർപ്പാട് അവസാനിപ്പിക്കാം. അത് അവസാനിപ്പിക്കണമെന്നാണ് മുഖ്യമന്ത്രിയോട് പറയാനുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കാര്യോപദേശക സമിതിയുടെ തീരുമാനമായിട്ട് ഉൾപ്പെടുത്തിയിട്ടുള്ളതിൽ ആദ്യത്തെ ഇനം 1986–ലെ കേരള നിയമസഭ അംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആണ്. അത്തരം ഒരു ബിൽ കൊണ്ടുവരാൻ പാടില്ലെന്ന് ഇന്നലെ ഞങ്ങൾ കാര്യോപദേശക സമിതിയിൽ പറഞ്ഞതാണ്. എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളമുള്ള ബിൽ സാധാരണ കൺസൻസസ് എടുത്തുകൊണ്ട് പ്രതിപക്ഷവും ഭരണകക്ഷിയും ഏകകണ്ഠമായി അംഗീകരിച്ചശേഷമാണ് സഭയിൽ കൊണ്ടുവരാറ്. കഴിഞ്ഞ പ്രാവശ്യം ഞാൻ ഇത് ശ്രദ്ധയിൽ പെടുത്തിയതാണ്. ഇത് ഉൾപ്പെടുത്താൻ പാടില്ലെന്ന്, ഇന്നലെ വളരെ ശക്തമായി കാര്യോപദേശകസമിതിയിൽ പറഞ്ഞതാണ്. അതിനു വിരുദ്ധമായിട്ടാണ് ചെയ്തിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കഴിഞ്ഞ പ്രാവശ്യം തന്നെ ഒന്നുരണ്ട് ദിവസം കൂടിയിരുന്നാൽ പൂർത്തിയാക്കാമായിരുന്നു. കമ്മിറ്റിക്ക് വിട്ടിരുന്ന ഇഷ്യൂസ് മാത്രമേയുള്ളൂ. അതുതന്നെ മൂന്നു ദിവസം വച്ചിട്ട് മറ്റ് കാര്യങ്ങൾക്ക് കൂടുതൽ സമയം അനുവദിച്ചു. സഭയിലെ അംഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ സഭാദ്ധ്യക്ഷൻ സ്വീകരിച്ച നടപടി, സഭ അംഗീകരിച്ച നടപടി ഇതൊക്കെയുണ്ട്. അതിന്റെ ഫലമായിട്ട് കൂടുതൽ സമയം എടുക്കേണ്ടിവന്നു. എങ്കിൽ പോലും സമയം കുറവ് ചെയ്യേണ്ട എന്ന് വിചാരിച്ചു. രണ്ടു ദിവസം ഉച്ചതിരിഞ്ഞ് ഇരുന്നാൽ രണ്ട് ദിവസത്തെ ഫലം ചെയ്യും. രണ്ടുദിവസം എക്സ്റ്റൻഡ് ചെയ്യാതെ തീർക്കാം. സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാം. പലപ്പോഴും ചർച്ച ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്, അഡ്വൈസറി കമ്മിറ്റി പരിശോധിച്ചിട്ടുള്ളതുമാണ്. ഇത് എതിർക്കേണ്ട കാര്യമില്ല.

കാര്യോപദേശകസമിതിയുടെ 29–ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭ രണ്ടായി പിരിഞ്ഞ് വോട്ടെടുപ്പ് നടത്തപ്പെട്ടു.)

അനുകൂലിക്കുന്നവർ—74

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബക്കർ
3. ,, ഇ. അഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി. അഹമ്മദ്അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നി ബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, പി. സി. ജോർജ്ജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
18. ,, എ. എൽ. ജേക്കബ്
19. ,, ടി. എം. ജേക്കബ്
20. ,, സി. ജി. ജനാർദ്ദനൻ
21. ,, ടി. എസ്. ജോൺ
22. ,, എ. സി. ജോസ്
23. ,, ജോസ് കുറ്റിയാനി
24. ഡോ. കെ. സി. ജോസഫ്
25. ശ്രീ. കെ. സി. ജോസഫ്
26. ,, പി. ജെ. ജോസഫ്
27. ,, വി. വി. ജോസഫ്
28. ശ്രീമതി എം. കമലം
29. ശ്രീ. കെ. ജി. ആർ. കർത്താ
30. ,, കെ. കരുണാകരൻ
31. ,, പി. കെ. കുഞ്ഞാലിക്കുട്ടി
32. ,, മണിമംഗലത്തു കുട്ട്യാലി
33. ,, ഇ. ജെ. ലൂക്കോസ്
34. ,, കെ. പി. എ. മജീദ്
35. ,, കെ. എം. മാണി
36. ,, എം. വി. മാണി
37. ,, ഇ. ടി. മുഹമ്മദ് ബഷീർ
38. ,, പി. എ. മുഹമ്മദ് കണ്ണ്
39. ,, പി. വി. മുഹമ്മദ്
40. ശ്രീ. ടി. എച്ച്. മുസ്തഫ
41. ,, കെ. എസ്. നാരായണൻ നമ്പൂതിരി
42. ,, കെ. പി. നൂറുദ്ദീൻ
43. ,, ഉമ്മൻ ചാണ്ടി
44. ,, തച്ചടി പ്രഭാകരൻ
45. ,, കെ. രാഘവൻമാസ്റ്റർ
46. ,, രാഘവൻ പൊഴക്കടവിൽ
47. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
48. ,, കെ. പി. രാമചന്ദ്രൻനായർ
49. ,, എസ്. രാമചന്ദ്രൻപിള്ള
50. ,, തോമ്പിൽ രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. കെ. പി. രാമൻ
52. ,, രമേശ് ചെന്നിത്തല
53. ,, വയലാർ രവി
54. ,, എൻ. ശക്തൻനാടാർ
55. ,, പി. സീതിഹാജി
56. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57. ,, കടവൂർ ശിവദാസൻ
58. ,, നാലകത്തു സൂപ്പി
59. ,, എൻ. ശ്രീനിവാസൻ
60. ,, പന്തളം സുധാകരൻ
61. ,, കോട്ടക്കുഴി സുകുമാരൻ
62. ,, സി. എം. സുന്ദരം
63. ,, എൻ. സുന്ദരൻനാടാർ
64. ,, വി. സുരേന്ദ്രൻപിള്ള
65. ,, പി. പി. തങ്കച്ചൻ
66. ,, സി. എഫ്. തോമസ്
67. ,, കെ. കെ. തോമസ്
68. ,, പി. സി. തോമസ് (തിരുവല്ല)
69. ,, തോമസ് കല്ലംപള്ളി
70. ,, പി. കെ. വേലായുധൻ
71. ,, ടി. വി. വിജയരാജൻ
72. ,, സ്റഫീഖാൻ പാമുവ
73. ,, പി. വിജയദാസ്
74. ശ്രീമതി റേച്ചൽ സണ്ണി പനവേലി

പ്രതികൂലിക്കുന്നവർ—51

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബി ജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. രേതൻ
7. ശ്രീമതി മേർഗ്വി തങ്കപ്പൻ
8. ശ്രീ. സി. കെ. ചക്രപാണി
9. ,, കെ. ആർ. ചന്ദ്രമോഹനൻ
10. ,, കെ. ചന്ദ്രശേഖരൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
13. ,, സിറിയക് ജോൺ
14. ശ്രീമതി പി. വേലുട്ടി
15. ,, കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മായിൽ
19. ,, എം. ജിനദേവൻ
20. ,, ഇ. കെ. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. വി. സി. കബീർ
22. ,, കെ. ടി. കണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻകുട്ടി
27. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
28. ,, കെ. ടി. കുമാരൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മൂസ്സാൻകുട്ടി
31. ശ്രീ. കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, ഇ. പത്മനാഭൻ
34. ,, കെ. പങ്കജാക്ഷൻ
35. ,, ടി. പി. പീതാംബരൻ മാസ്റ്റർ
36. ,, കെ. പി. പ്രഭാകരൻ
37. ,, കെ. പുരുഷോത്തമൻ
38. ,, വർക്കല രാധാകൃഷ്ണൻ
39. ,, എം. വി. രാഘവൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ.
42. ,, എ. കെ. ശശീന്ദ്രൻ
43. ,, എ. സി. ഷൺമുഖദാസ്
44. ഡോക്ടർ എ. സുബ്ബറാവു.
45. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
46. ,, എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, ആർ. എസ്. ഉണ്ണി
51. ,, സി. വാസുദേവമേനോൻ

അനുകൂലിക്കുന്നവർ 74

പ്രതികൂലിക്കുന്നവർ 51

നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII. നിയമനിർമ്മാണകാര്യം

(1) നിയമസഭാംഗങ്ങൾക്കു പെൻഷൻ നൽകുന്നതു സംബന്ധിച്ച 1985—ലെ കേരള (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1985-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച് കേരള (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly